Draft #1 of File AcD/01/4317/CR/2020 Approved by ASSISTANT REGISTRAR III (ACADEMIC) on 02-Nov-2020 02:52 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

യോഗ്യത - Karnataka State Open University, Mysore അവാർഡ് ചെയ്ത Master of Arts in English (Distance Education) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയുടെ Master of Arts in English ബിരുദത്തിനു തുല്യമായി അംഗീകരിക്കാൻ സാധിക്കില്ലെന്നും പ്രസ്തുത ബിരുദത്തിനു യോഗ്യത സാക്ഷ്യപത്രം നൽകുവാനും തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 5275/AC D/2020/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 09.11.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി Sr. SONIA PHILOMENA V. A. DEPARTMENT OF ENGLISH, NIRMALAGIRI COLLEGE, KANNUR നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (ഇംഗ്ലീഷ് പി.ജി.) അഭിപ്രായം രേഖപ്പെടുത്തി നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് ലാംഗേജ് & ലിറ്ററേച്ചർ അഭിപ്രായം രേഖപ്പെടുത്തി നൽകിയ കത്ത്.

6) 07.09.2020 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 100/205012 (13.10.2020 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (20.05) ഇനം നം. 01/20.05/200241ആയി സമർപ്പിച്ചത്)

**<u>ഉത്തരവ്</u>**

1 ) Karnataka State Open University, Mysore അവാർഡ് ചെയ്ത Master of Arts in English (Distance Education) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയുടെ Master of Arts in English ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2) ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2) മേൽ വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (ഇംഗ്ലീഷ് പി.ജി.) ഡീൻ, ഫാക്കൽറ്റി ഓഫ് ലാംഗേജ് & ലിറ്ററേച്ചർ എന്നിവരുടെ വിദഗ്ധാഭിപ്രായം തേടിയിരുന്നു. ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചശേഷം മഹാത്മാഗാന്ധി സർവകലാശാല കോഴ്സുകൾ തമ്മിൽ തുലനപ്പെടുത്തുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളായ പ്രവേശനമാനദണ്ഡങ്ങളിലെ സാമ്യം, പാഠ്യകാലയളവുകൾ തമ്മിലുള്ള സാമ്യം, കോഴ്സുകൾ/പേപ്പറുകൾ/വൈവ/പ്രോജക്ട്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

എന്നിവയുടെ എണ്ണത്തിലുള്ള സാമ്യം, സിലബസുകൾ തമ്മിലുള്ള 70% സമാനത എന്നിവയിൽ ആദ്യത്തേതൊഴിച്ചുള്ളവ (പ്രവേശനമാനദണ്ഡങ്ങളിലെ സാമ്യം) പാലിക്കപ്പെടുന്നുണ്ടെന്ന് ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (ഇംഗ്ലീഷ് പി.ജി.) നിരീക്ഷിച്ചു. എന്നാൽ പ്രസ്തുത ബിരുദത്തിൻറെ പ്രവേശനമാനദണ്ഡവും പ്രസ്തുത പ്രോഗ്രാം വിദൂരവിദ്യാഭ്യാസ പ്രോഗ്രാമാണെന്നുള്ളതും തുല്യതാ പദവി നൽകുന്ന വിഷയത്തിൽ യൂണിവേഴ്സിറ്റിയുടെ മാനദണ്ഡങ്ങൾക്കനുസൃതമല്ല എന്നതിനാൽ വിഷയം അക്കാദമിക് കൗൺസിലിൻറെ അന്തിമതീരുമാനത്തിനു സമർപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം ശിപാർശ ചെയ്തു. ഡീൻ, ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് & ലിറ്ററേച്ചർ ചെയർമാൻറെ നിരീക്ഷണങ്ങളോട് യോജിച്ചു. (പരാമർശം 4,5).

3) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും പരാമർശം (6) പ്രകാരം Karnataka State Open University, Mysore അവാർഡ് ചെയ്ത Master of Arts in English (Distance Education) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയുടെ Master of Arts in English ബിരുദത്തിനു തുല്യമായി അംഗീകരിക്കാൻ സാധിക്കില്ലെന്നും പ്രസ്തുത ബിരുദത്തിനു യോഗ്യത സാക്ഷ്യപത്രം നൽകുവാൻ തീരുമാനിക്കുകയും ചെയ്തു

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) Sr. സോണിയ ഫിലോമിന വി.എ.
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ
7)കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യു.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File AcD/01/4317/CR/2020 Approved by ASSISTANT REGISTRAR III (ACADEMIC) on 02-Nov-2020 02:52 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം